**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 375** **02-07-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യസമ്പത്തിനെക്കുറിച്ച് ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കടലിൽ ഉണ്ടാകുന്ന എൽ നിനോ-ലാനിനാ പ്രതിഭാസങ്ങൾ സംസ്ഥാനത്തെ മത്സ്യസമ്പത്തിനെ എപ്രകാരമാണ് ബാധിക്കുന്നത് എന്ന് ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പഠനം നടത്തിയിട്ടുണ്ടോ; | (എ) | കടലിൽ ഉണ്ടാകുന്ന എൽ നിനോ-ലാ നിനാ പ്രതിഭാസങ്ങൾ സംസ്ഥാനത്തെ മത്സ്യസമ്പത്തിനെ എപ്രകാരമാണ് ബാധിക്കുന്നത് എന്ന് ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് (ഐ.സി.എ.ആർ)- സി.എം.എഫ്.ആർ.ഐ. (സെൻട്രൽ മറൈൻ ഫിഷറീസ് റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) പഠനം നടത്തിയിട്ടുണ്ട്.<br><br>ഐ.സി.എ.ആർ - സി.എം.എഫ്.ആർ.ഐ. നടത്തിയ പഠനത്തിൽ 'എൽ നിനോ' പ്രതിഭാസം കാരണം കേരള തീരത്തെ 'മത്തിയുടെ' ശേഖരത്തെ സാരമായി ബാധിച്ചതായും ഇത് മത്തിയുടെ ലഭ്യതയിൽ ഗണ്യമായ കുറവുണ്ടാക്കിയതായും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മത്സ്യത്തിന്റെ സമൃദ്ധിയിലും, ലഭ്യതയിലുമുള്ള കാലികമായ (seasonal) ഏറ്റക്കുറച്ചിലുകൾ, തീറ്റ ലഭ്യമാക്കുന്നതിലെ കുറവ്, പ്രത്യുല്പാദനത്തിന് മത്സ്യങ്ങൾ പാകം ആകുന്നതിലെ കാലതാമസവും, അതുവഴി ആരോഗ്യകരമായ മത്സ്യകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിൽ കുറവു വരിക എന്നിവ 'മത്തിയുടെ' ലഭ്യതയിൽ ഗണ്യമായ കുറവിന് കാരണമായിട്ടുണ്ട്. എന്നിരുന്നാലും, 'എൽ നിനോ' ദുർബലമായതോടെ, സാധാരണ മുട്ടയിടൽ പ്രവർത്തനം പുനരാരംഭിക്കുകയും മത്തിയുടെ ഉല്പാദനത്തിൽ നേരിയ പുരോഗതി ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.<br><br>എന്നാൽ 'ലാ നിനാ' കാലഘട്ടത്തിൽ 'മത്തി' സാധാരണ വളർച്ച നിരക്ക് പ്രാപിക്കുന്നതായും, സമയബന്ധിതമായി പ്രത്യുല്പാദനത്തിനു മത്സ്യങ്ങൾ പാകപ്പെടുന്നതായും, മുട്ടയിടുന്നതായും നിരീക്ഷിക്കപ്പെട്ടു എന്നും, ഇക്കാരണങ്ങളാൽ മത്സ്യസമ്പത്തിലേയ്ക്ക് |

| | | | |
|---|---|---|---|
| | | | ആരോഗ്യമുള്ള മത്സ്യകുഞ്ഞുങ്ങൾ ചേർക്കപ്പെടുകയും ചെയ്യുന്നു എന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. രണ്ട് വർഷ പിടിച്ചെടുക്കൽ കാലയളവ് മാത്രമുള്ള മത്സ്യങ്ങളുടെ ഉല്പാദനത്തിൽ പ്രസ്തുത പ്രതിഭാസം ഗണ്യമായ മാറ്റങ്ങൾ ഉണ്ടാക്കുന്നു. ആയതിനാൽ 'ലാ നിനാ' പ്രതിഭാസം ട്രോപ്പിക്കൽ സ്പീഷീസിന്റെ ഉല്പാദനത്തിന് വളരെയധികം ഉപകാരപ്രദമായി മാറാറുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പഠനങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | കടലിൽ ഉണ്ടാകുന്ന പ്രസ്തുത എൽ നിനോ-ലാ നിനാ പ്രതിഭാസങ്ങൾ സംബന്ധിക്കുന്ന പഠനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഫിഷറീസ് വകുപ്പ് പ്രത്യേക നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലത്തിനും സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യം ലഭിക്കുന്നതിനും ഉതകുന്ന തരത്തിൽ വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിന് കൃത്രിമപാര് നിക്ഷേപിക്കുന്ന പദ്ധതിയാണ്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ 42 മത്സ്യഗ്രാമങ്ങളിൽ ആകെ 6300 കൃത്രിമപ്പാരുകൾ സ്ഥാപിച്ചു. അനുയോജ്യമായ ലൊക്കേഷനുകൾ കണ്ടെത്തി പദ്ധതി മറ്റ് ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എൻഡിൽ സ്ക്വയർ മെഷ് നിർബന്ധമാക്കുകയും പ്രധാനപ്പെട്ട എല്ലാ വലകളുടേയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും 250 എച്ച്.പി. വരെ എഞ്ചിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് മാത്രമായി തീരക്കടലിൽ (കരയിൽ നിന്നും 12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി. പേഴ്സ സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നീ നശീകരണ മത്സ്യബന്ധന രീതികൾ KMFR Act, KMFR Rules എന്നിവയുടെ അടിസ്ഥാനത്തിൽ നിരോധിച്ചു. നിയമ ലംഘനങ്ങൾക്ക് വർദ്ധിച്ച പിഴ ഏർപ്പെടുത്തി. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽ |

| | | | |
|---|---|---|---|
| | | | നിന്നും 52 ദിവസമായി വർദ്ധിപ്പിച്ച് നടപ്പിലാക്കി വരുന്നു.<br><br>സംസ്ഥാന സമുദ്ര മത്സ്യബന്ധന മേഖലയിൽ വിഭവ പരിപാലനവും നിരീക്ഷണവും സംരക്ഷണവും ഫലപ്രദമായി നടപ്പിലാക്കുന്നതിന് ത്രിതല മാനേജ്മെന്റ് സംവിധാനമായ സംസ്ഥാന, ജില്ലാ, വില്ലേജ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ മത്സ്യബന്ധന മേഖലയിൽ മത്സ്യത്തൊഴിലാളി പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പങ്കാളിത്ത മാനേജ്മെന്റ് സിസ്റ്റം (Participatory Management System) നിലവിൽ വന്നിട്ടുള്ള ആദ്യ സംസ്ഥാനമാണ് കേരളം. ഉത്തരവാദിത്വ മത്സ്യബന്ധനത്തെക്കുറിച്ചും മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തെ കുറിച്ചും സമുദ്ര മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്കും തീരദേശവാസികൾക്കും ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിന് ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ പ്രധാന പങ്ക് വഹിക്കുന്നു. |

സെക്ഷൻ ഓഫീസർ